**മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ**

**ദൈവകൃപയാൽ**

**കോട്ടയം മെത്രാസനഇടവകയുടെ**

**യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്തായിൽ നിന്ന്**

നമ്പർ : 14/2024

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും സഹപട്ടക്കാരും ദേശത്തുപട്ടക്കാരും പള്ളി കൈസ്ഥാനികളും ശേഷം വിശ്വാസികളും കൂടിക്കന്നൊൽ നിങ്ങൾക്ക് വാഴ്വ്.

കർത്താവിൽ പ്രിയരേ,

വലിയ നോമ്പിലെ മുപ്പത്തിയാറാം ഞായറാഴ്ച, 2024 മാർച്ച് മാസം 17-ന് സഭാദിനമായി നാം ആചരിക്കുന്നു. മലങ്കര സഭയുടെ അപ്പോസ്തോലിക പാരമ്പര്യം, പൗരസ്ത്യ ആരാധനാ വിജ്ഞാനീയം, വേദശാസ്ത്രം, പൗരോഹിത്യ പിന്തുടർച്ച, പൗരസ്ത്യ കാതോലിക്കേറ്റ് തുടങ്ങിയ വിഷയങ്ങളുടെ പഠനവും മനനവും സഭാദിന ആചരണത്തിന്റെ പ്രധാന ഉദ്ദേശ്യങ്ങളാണ്.

പൗരസ്ത്യ ജോർജിയൻ തീർത്ഥാടന കേന്ദ്രമായ പുതുപ്പള്ളി സെന്റ് ജോർജ് ദേവാലയത്തിൽ വച്ച് നമ്മുടെ ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ ഈ വർഷത്തെ സഭാദിനം ആചരിക്കുന്നു. രാവിലെ വിശുദ്ധ കുർബ്ബാനയ്ക്ക് ശേഷം നമ്മുടെ അദ്ധ്യക്ഷതയിൽ കൂടുന്ന സഭാദിന സെമിനാർ ചെങ്ങന്നൂർ ഭദ്രാസനാധിപൻ അഭി. ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്യും. ശ്രീ. ഡെറിൻ രാജു, കുമാരി ആഷ്ലി മറിയം പുന്നൂസ് എന്നിവർ വിഷയാവതരണം നിർവ്വഹിക്കും. സഭാദിന സമ്മേളനം മലങ്കര സഭയുടെ പരമാദ്ധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ മാത്യൂസ് തൃതീയൻ കാതോലിക്കാബാവ ഉദ്ഘാടനം ചെയ്യും. കാതോലിക്കാദിന പ്രതിജ്ഞ, കാതോലിക്കാ മംഗള ഗാനം എന്നിവയ്ക്ക് ശേഷം ഉച്ചഭക്ഷണത്തോടുകൂടി സമ്മേളനം സമാപിക്കും.

സൺഡേസ്കൂൾ 10, 11, 12 ക്ലാസ്സുകളിലെ എല്ലാ വിദ്യാർത്ഥികളും അധ്യാപകരും യുവജന പ്രസ്ഥാനം, മർത്തമറിയം സമാജം, പ്രാർത്ഥനായോഗം എന്നീ ആതമീയ സംഘടനാ പ്രവർത്തകരും നിർബന്ധമായും സമ്മേളനത്തിൽ പങ്കെടുക്കണം. കർത്താവിന്റെ ശരീരമാകുന്ന പരിശുദ്ധ സഭയുടെ ഏകവും വിശുദ്ധവും കാതോലികവും അപ്പോസ്തോലീകമായ പ്രകൃതങ്ങൾ സഭാ സ്വത്വത്തിന്റെ (Ecclesiastical Identity) അടിസ്ഥാനമാണ്. പരിശുദ്ധ മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായ മലങ്കര സഭയുടെ ശ്ലൈഹീക പാരമ്പര്യവും വിശ്വാസവും നിലനിർത്തുവാനും വരും തലമുറകളിലേയ്ക്ക് സംവേദിപ്പിക്കുവാനും നാം പ്രതിജ്ഞാബദ്ധരാണ്. പൗരസ്ത്യ കാതോലിക്കേറ്റിലും മലങ്കര സഭയുടെ സ്വയ ശീർഷകത്വത്തിലും ഭരണഘടനയിലും നമുക്ക് അഭിമാനിക്കാം. സഭാദിനത്തിന്റെ അർത്ഥവത്തായ ആചരണത്തിലൂടെ ദൈവരാജ്യ മഹത്വത്തിനായി നമ്മെത്തന്നെ സമർപ്പിക്കാം.

ശേഷം പിന്നാലെ,

സർവ്വശക്തമായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളേവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

Diascoros

**ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്താ**

2024 മാർച്ച് 4-ാം തീയതി
പാമ്പാടി മാർ കുറിയാക്കോസ്
ദയറായിൽനിന്ന്